

INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196677 1
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 7. 1 www.iccvienna.org March-April 2012

# Message of the Chaplain

ജീവിത നവീകരണത്തിനും, പുന:പ്രതിഷ്ഠയ്ക്കുമുള്ള സുവർണ്ണാവസരമാണല്ലോ നോമ്പുകാലം. തന്നെത്തന്നെ കണ്ടെത്തുക. തന്നിലുള്ള ഈശ്വര ചൈതന്യത്തിന്റെ അളവും ശക്തിയും കൃപയും അടുത്തറിയുക. അനുഭവിക്കുക. അവയുടെ അഭിഷേക ചൈതന്യത്തിൽ ജീവിക്കുക. ഇവയ്ക്ക് സഹായകമായി പ്രാർത്ഥനയും, പ്രായശ്ചിത്തവും, പരോപകാര ശുശ്രൂഷകളും നടത്തുക നമ്മുടെ കടമയാണെന്ന് സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. ആത്മീയതയുടെ ആഴങ്ങളിലെത്താൻ ഏറ്റവും ഉചിതമായ തപസ്യ ധ്യാനാത്മകമായ മൗനവും തിരുവചന മനനവുമാണല്ലോ. അതുതന്നെയാണ് സുവിശേഷവത്കരണത്തിന്റെ പാതയും ജീവിതത്തിന് അർത്ഥവും വ്യക്തതയും സർഗ്ഗാത്മകതയും നൽകുന്ന താപസ മാർഗ്ഗവും. ‘‘മൗനത്തിന്റെ മനോഭാവത്തിൽ ആത്മാവ് പ്രകാശത്തിന്റെ പാതയിലെത്തുന്നു. മായയും ചതിയുമായവയെ ശുദ്ധീകരിച്ച് വെള്ളിവെളിച്ചം പകരുന്നു. സത്യത്തിനുവേണ്ടിയുള്ള ദാഹം ശമിപ്പിക്കാനുള്ള നിരന്തരമായ പരിശ്രമമാണ് ജീവിതം’’(മഹാത്മാഗാന്ധി). ഇതാണ് നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നത്.

നമുക്ക് നമ്മെത്തന്നേയും മറ്റുള്ളവരേയും സർവ്വോപരി ദൈവത്തേയും ശ്രവിക്കാനും അനുഭവിക്കാനും സാധിക്കുന്നത് ആത്മാവിന്റെ ആഴങ്ങളിൽ തുടിച്ചുനിൽക്കുന്ന നിതാന്ത ശാന്തതയുടെ കൃപാശക്തികൊണ്ടാണെന്ന് മിസ്റ്റിക്കുകളായ ആത്മീയഗുരുക്കന്മാർ സൂചിപ്പിക്കുന്നു. ജീവിതത്തിന്റെ രംഗവേദികളിൽ നടക്കുന്ന ശബ്ദകോലാഹലങ്ങൾക്കും വൈകാരീക നടനാവിഷ്ക്കാരങ്ങൾക്കും അതീതമായി ആത്മസ്വത്വത്തിൽ കുടികൊള്ളുന്ന ദൈവാത്മാവിന്റെ അഭിഷേകചൈതന്യം നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തെ ഉത്തേജിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും ഈ നോമ്പുകാലം സഹായകമാകട്ടെ.

നമ്മുടെ ക്രൈസ്തവ ജീവിതം സഫലമാകുന്നുവോ എന്നറിയുവാൻ നമുക്ക് ശ്രമിക്കാം. നമ്മുടെ വ്യക്തിത്വത്തിന്റേയും ജീവിതത്തിന്റേയും മൂന്ന് ആധാര മേഘലകളായ ആത്മബോധ മണ്ഡലം – ഹൃദയം –, കുടുംബം, ഇടവക എന്നീ ജീവിതത്തിന്റെ ആത്മീയാവിഷ്ക്കാര വേദികളിൽ വിശ്വാസത്തിന്റേയും, സ്നേഹത്തിന്റേയും, പ്രത്യാശയുടേയും അഭിഷേക ചൈതന്യം തന്നെയാണോ അതോ അതിമോഹങ്ങളുടെ കൂറ്റൻ നിഴലുകളാണോ ആധിപത്യം പുലർത്തുന്നത് എന്ന് ആത്മാർത്ഥമായി ഈ നോമ്പുകാലത്തുടനീളം നമുക്ക് ആത്മശോധന നടത്താം. ആയതിനാൽ, പ്രാർത്ഥനയുടേയും, മൗനത്തിന്റേയും ധ്യാനത്തിന്റേയും ഊർജ്ജം സ്വീകരിച്ചുകൊണ്ട് ആത്മാവിന്റേയും, ജീവിതത്തിന്റേയും, സ്നേഹബന്ധങ്ങളുടേയും അർത്ഥതലങ്ങളെ അടുത്തറിയുവാനും അനുഭവിക്കുവാനും ഈ നോമ്പുകാലം ഇടയാകട്ടെ.

ഏവർക്കും നോമ്പിന്റെ നന്മകളും ഉയിർപ്പിന്റെ സന്തോഷവും നേർന്നുകൊണ്ട്
സ്നേഹത്തോടെ.

Chaplain: P. Thomas Thandappilly CST
Assistant Chaplain: P. Joy Plathottathil SVD

# Forthcoming Important Events

1. **26th Feb** : Visitation of Bishop Scharl – German Mass at 11. 30 am at Maria Lourdes.

   All ICC Catechism students, Kids and ICC Youth are welcome to participate.

2. **3rd March**: Knanaya Kids Liturgy; at 4. 00 PM in Maria Lourdes Meidling.
3. **4th March**: Mothers Liturgy; at 11. 30am in Meidling and 5. 30pm in Stadlau.
4. **23rd March**: ICC Parish Committee at 7. 30pm in Maria Lourdes Meidling.
5. **11th March**: Confession for Cat. Children; Meidling from 10.45am; Stadlau from 4.45pm
6. **28th to 31st March**: Annual Retreat for Adults & Youth – from 9am to17hrs in Stadlau.
7. **1st April:** Palm Sunday Liturgy in Maria Lourdes beginning at 15.00hrs.
8. **5th April**: Maundy Thursday at 2.00pm in Maria Lourdes.
9. **6th April**: Good Friday at 9. 30am in Maria Lourdes.
10. **7th April**: Holy Saturday, at 8. 15am Meidling. No Mass in Stadlau.
11. **8th April**: **Easter Sunday Liturgy at 3.00pm in Maria Lourdes**.
12. **9th April**: Easter Monday, Youth Festival – Music, Fancy Dress, etc. Pfarrsaal Stadlau.
13. **14th April**: Youth Festival – Painting Competition at 3. 45pm in Kairaly Nikethan School.
14. **15th April**: Marital Couples Thanksgiving Massa at 11.30am in Maria Lourdes.
15. **22nd April**: ICC Pilgrimage to FATIMA
16. **5th May**: Youth Festival –Dance Competitions from 9.00am Haus der Begegnung,Floridsdorf
17. **19th May:** First Communion at 9. 30am in Maria Lourdes.
18. **7th June:** Fronleichnam Fest at 8. 30 in Caritasheim; Massa at 9.30am Maria Lourdes
19. **23rd June:** ICC Cultural Day Celebrations at 18 .00pm in Haus der Begegnung,Floridsdorf
20. **24th June:** ICC Firmung by HE Cardinal George Alencherry at 2.00pm in Maria Lourdes.
21. **8th July:** St. Thomas Day & Feast of St. Alphonsa at 15.00hrs in Maria Lourdes.

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*